# കേരള സർക്കാർ

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3 ൽ ഉണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

=====================================================================

**റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്**

**സ.ഉ. (സാധാ) നം.1295/2026/റവ.** തിരുവനന്തപുരം, തീയതി 10/07/2026

=====================================================================

പരാമർശം:- സ.ഉ.(കൈ) നം. 14/2026/ഡി.എം.ഡി., തീയതി 10.07.2026

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3 ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് 2 ലക്ഷം രൂപ വരെ ചികിത്സാസഹായവും അനുവദിക്കുന്നതിന് മേൽ പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ കള്ളാടി ടണൽ ഫേസ്-3 ൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് 2 ലക്ഷം രൂപ വരെ ചികിത്സാസഹായവും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻബാബു കെ ഐ എ സ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, വയനാട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

ദുരന്ത നിവാരണ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി .എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്

റവന്യൂ ഡി.ആർ.എഫ്-എ/ഡി.ആർ-ബി വകുപ്പുകൾ